## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2276 — 11/03/2020 ൽ മറുപടിക്ക്

**ശാന്തി നിയമനത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ശാന്തി നിയമനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുവാൻ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ശിപാർശ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം ദേവസ്വം ബോർഡിൽ ശാന്തി നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ; പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും എത്രപേർ അപേക്ഷ നൽകി, വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയുണ്ടായി. പട്ടികജാതി വിഭാഗത്തിൽ നിന്നും 35 അപേക്ഷകൾ ലഭിച്ചു. പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചില്ല. ഈ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 12 പട്ടിക ജാതി വിഭാഗക്കാർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ക്ഷണിച്ച വിജ്ഞാപന പ്രകാരം ടെസ്റ്റ് നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് ഈ സർക്കാർ പുനഃ സംഘടിപ്പിച്ച കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡാണ്. ഇത് പ്രകാരമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 11 ഉദ്യോഗാർത്ഥികൾക്ക് നിയമനം |

| | | | |
|---|---|---|---|
| | | | നൽകിക്കഴിഞ്ഞു. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാരും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിൽ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള 18 ഒഴിവുകളിലേയ്ക്ക് ആ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ട് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സ്പെഷൽ റിക്രൂട്ട്മെന്റ് വഴി ശാന്തി നിയമനത്തിലെ എത്ര തസ്തികകളാണ് നികത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട്-ടൈം-ശാന്തി തസ്തികയിലേയ്ക്ക് എൻ.സി.എ നിയമനം വഴി 14 പട്ടിക ജാതിക്കാരുടെയും 4 പട്ടിക വർഗ്ഗക്കാരുടെയും 2 ഒ.ബി.സി വിഭാഗക്കാരുടെയും ഒഴിവുകൾ (ടേൺ) നികത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ